**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3120** **14-02-2024 - ൽ മറുപടിയ്ക്ക്**

**ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ താന്നിക്കോട് മല കേന്ദ്രമാക്കി നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ താന്നിക്കോട് മല കേന്ദ്രമാക്കി നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതിയ്ക്കായി ടാങ്ക് നിർമ്മാണത്തിന് ഏറ്റെടുക്കുന്ന സ്ഥലത്തിന് ഉടമയ്ക്ക് നൽകേണ്ട തുക എത്രയാണെന്ന് നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ ആകെ എത്ര രൂപയാണ് ആയതിന് നൽകേണ്ടതെന്ന് വ്യക്തമാക്കാമോ; | (എ) | ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ താന്നിക്കോട് മല കേന്ദ്രമാക്കി നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതിയ്ക്കായി ടാങ്ക് നിർമ്മാണത്തിന് ഏറ്റെടുക്കുന്ന സ്ഥലത്തിന് ഉടമയ്ക്ക് നൽകേണ്ട തുക 04.01.2024 ന് നടന്ന ജില്ലാതല പർച്ചേസിംഗ് കമ്മിറ്റി യോഗത്തിൽ സെന്റിന് 90,011 /- രൂപയായി നിശ്ചയിച്ചിട്ടുണ്ട്. ടാങ്ക് നിർമ്മാണത്തിനും പ്രസ്തുത സ്ഥലത്തേക്കുള്ള വഴിയുടെ ആവശ്യത്തിനുമായി 106.43 സെന്റ് ആവശ്യമുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിന് ആകെ വേണ്ട തുക 95,79,871 / - രൂപയാണ്. |
| (ബി) | പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിന് ചെലവാകുന്ന തുക ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ വഹിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ഗ്രാമപഞ്ചായത്തുകൾ എത്ര രൂപ വീതം നൽകണമെന്നാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ബി) | ചാത്തമംഗലം പഞ്ചായത്തും സമീപ പഞ്ചായത്തുകളായ മടവൂർ, കിഴക്കോത്ത്, ഉണ്ണികുളം, താമരശ്ശേരി, കട്ടിപ്പാറ, പുതുപ്പാടി, കോടഞ്ചേരി എന്നീ പഞ്ചായത്തുകളും സംയുക്തമായിട്ടാണ് പ്രസ്തുത സ്ഥലം ഏറ്റെടുക്കേണ്ടത്. ഓരോ പഞ്ചായത്തും നൽകേണ്ട വിഹിതം ചുവടെ ചേർക്കുന്നു.<br><br>ചാത്തമംഗലം പഞ്ചായത്ത് - Rs. 13,50,165/-<br><br>മടവൂർ പഞ്ചായത്ത് - Rs. 8,80,216/-<br><br>കിഴക്കോത്ത് പഞ്ചായത്ത് - Rs. 9,21,185/-<br><br>ഉണ്ണികുളം പഞ്ചായത്ത് - Rs. 18,90,496/-<br><br>താമരശ്ശേരി പഞ്ചായത്ത് - Rs. 12,14,755/-<br><br>കോടഞ്ചേരി പഞ്ചായത്ത് - Rs. 10,01,025/-<br><br>പുതുപ്പാടി പഞ്ചായത്ത് - Rs. 17,29,706/-<br><br>കട്ടിപ്പാറ പഞ്ചായത്ത് - Rs. 5,92,323/-<br><br>------------- |

| | | | |
|---|---|---|---|
| | | | ആകെ Rs. 95,79,871/-<br><br>============== |

സെക്ഷൻ ഓഫീസർ